# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 3713

15.07.2015 ലെ മറുപടിക്ക്

## വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി.മോയിൻ കുട്ടി<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) | സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ; | എ) | ടൂറിസം മേഖലയെ കൂടുതൽ സുരക്ഷിതമാക്കാൻ ടൂറിസം വാർഡൻ മാരുടെ സേവനം ലഭ്യമാക്കുന്നതിനും പ്രാദേശിക ടൂറിസം നിക്ഷേപകരുടെയും പോലീസിന്റെയും സഹകരണത്തോടെ സെക്യൂരിറ്റി കമ്മിറ്റികൾ രൂപീകരിച്ച് വിനോദസഞ്ചാരികളുടെ സുരക്ഷ കൂടുതൽ ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും ടൂറിസം കേന്ദ്രങ്ങൾക്ക് സമീപമുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തി 'ജീവൻ രക്ഷാ സന്നദ്ധ സേവകൻ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ലൈഫ്ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.<br><br>വിനോദ സഞ്ചാരികളെ ബാധിക്കുന്ന അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിനായി ആകസ്മികതകളിൽ അടിയന്തിരമായി ഇടപെടാൻ പര്യാപ്തമായ "കണ്ടിജൻസി റെസ്പോൺസ് സെൽ" സംസ്ഥാന തലത്തിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

ബി) ടൂറിസ്റ്റ് പോലീസ് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ : അതിന്റെ സേവനം തൃപ്തികരമാണോ എന്നും ഇല്ലെങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ ;

ബി) ഉണ്ട്. ടൂറിസ്റ്റ് പോലീസ് സംവിധാനത്തിന്റെ സേവനം തൃപ്തികരമായി നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പും സംസ്ഥാന ആഭ്യന്തര വകുപ്പുമായി ചേർന്ന് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു.

സി) പകർച്ചപ്പനി പോലുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച ഭീതി വിനോദസഞ്ചാരികളെ പിന്തിരിപ്പിക്കുന്നതിന് കാരണമാവുന്ന സാഹചര്യത്തിൽ സുരക്ഷിത വിനോദസഞ്ചാരം ഉറപ്പുവരുത്തുന്നതിനും അതു സംബന്ധിച്ച് പ്രചാരണം നടത്തുന്നതിനുമുള്ള സംവിധാനമൊരുക്കുമോ ?

സി) വിനോദ സഞ്ചാര മേഖലയിലെ [illegible] ശുചീകരണം ലക്ഷ്യമിട്ടുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തികൊണ്ട് അതാത് ഡിറ്റിപിസികൾ മുഖാന്തിരം 'Clean Destination Campaign' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ഏതാനും ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലെ ശുചിത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ഡിറ്റിപിസി തലത്തിൽ പ്രചാരണങ്ങൾ നടത്തുന്നതിനുള്ള നടപടികളും കൈക്കൊള്ളുന്നതാണ്.

Anuradha
സെക്ഷൻ ഓഫീസർ